**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4600** **02-07-2024 - ൽ മറുപടിയ്ക്ക്**

**വിദേശ വൃക്ഷങ്ങളുടെ നിർമ്മാർജന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന അക്കേഷ്യ, യൂക്കാലി തുടങ്ങിയ വിദേശ വൃക്ഷങ്ങളുടെ നിർമ്മാർജന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (എ) | കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചുകൊണ്ട് 17.12.2021-ൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2021/വനം തീയതി പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം പരിസ്ഥിതിക്കും, ആവാസ വ്യവസ്ഥക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയ വിദേശ വൃക്ഷങ്ങളും അവ അടങ്ങിയ ഏകവിള തോട്ടങ്ങളും ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളായി പുന:സ്ഥാപനം നടത്തുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി നബാർഡ്/ ആർ.കെ.ഡി.പി പദ്ധതികളിൽ ഉൾപ്പെടുത്തി 5585.57 ഹെക്ടർ സ്ഥലത്ത് വിവിധ സർക്കിളുകളിലായി ടി പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വന്യജീവികളുടെ ഭക്ഷ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി കാട്ടിനുള്ളിൽ തന്നെ ഫലവൃക്ഷങ്ങളും അതോടൊപ്പം ഇക്കോറെസ്റ്റോറേഷന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് ജലത്തിന്റെയും, ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് മുള, ഈറ്റ, പ്ലാവ്, നെല്ലി, കമ്പകം, പൂവം, താന്നി, വേപ്പ്, കുമ്പിൾ, ഞാവൽ, വട്ട, സീതപഴം, മാവ്, പുന്ന, കണിക്കൊന്ന, മലവേപ്പ് തുടങ്ങിയ സസ്യങ്ങൾ 1346.54 ഹെക്ടർ സ്ഥലത്ത് ഇതിനൊടകം തന്നെ വച്ച് പിടിപ്പിച്ചിട്ടുണ്ട്. |
| (ബി) | വാമനപുരം മണ്ഡലത്തിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും മണ്ഡലത്തിൽ ഇതുവരെ എത്ര ഹെക്ടർ വനഭൂമിയിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | വാമനപുരം മണ്ഡലത്തിൽ ഉൾപ്പെട്ടതും തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷനിലെ പാലോട് റെയിഞ്ച് പരിധിയിൽ വരുന്നതുമായ പച്ചമല, ചെക്കോണം, ഭരതന്നൂർ, പെരിങ്ങമല, കല്ലാർ സെക്ഷനുകളിലും കുളത്തുപ്പുഴ റെയിഞ്ചിലെ ചിറ്റാർ നോർത്ത്, ചിറ്റാർ സൗത്ത്, ശംഖിലി പ്രദേശങ്ങളിലും |

| | | | |
|---|---|---|---|
| | | | ആയി 219.63 ഹെക്ടർ വനഭൂമിയിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ